# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **167** **28.06.2016**-ൽ മറുപടിക്ക്

**കാൻസർ/കിഡ്നി രോഗികൾക്ക് സൗജന്യ ചികിത്സ**

**ചോദ്യം**

ശ്രീ. കെ.കെ.രാമചന്ദ്രൻ നായർ

**മറുപടി**

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ
(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർ/കിഡ്നി രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | പ്രസ്തുത രോഗങ്ങൾ ക്രമാതീതമായി വർദ്ധിക്കുവാനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | (ബി) | ഇതിനെക്കുറിച്ച് ശാസ്ത്രീയവും വിശദവുമായ പഠനങ്ങൾ നടത്തിയിട്ടില്ല. |
| (സി) | രോഗികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുവാനുള്ള നടപടികൾ വിശദീകരിക്കുമോ? | (സി) | അനുബന്ധമായി ചേർത്തിരിക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. സമഗ്ര ആരോഗ്യ ഇൻഷുറൻസിന്റെ "ചിസ്സ് പ്ലസ്സ്" പദ്ധതി - ഇതു പ്രകാരം 70,000 രൂപ വരെ ചികിത്സാ സഹായം ലഭിക്കും
2. കാരുണ്യ ബനവലൻറ് ഫണ്ട് - ഈ പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കാൻസർ രോഗികൾക്ക് 2 ലക്ഷം രൂപ വരെ ചികിത്സാ സഹായം ലഭിക്കും.
3. സുകൃതം - ബി.പി.എൽ വിഭാഗത്തിലുള്ള കാൻസർ രോഗികൾക്ക് മൂന്ന് ലക്ഷം രൂപവരെയുള്ള ചികിത്സ സൗജന്യമായി നൽകുന്നു.
4. കാൻസർ സുരക്ഷ – 18 വയസ്സ വരെയുള്ള കാൻസർ ബാധിതരായിട്ടുള്ള കുട്ടികൾക്ക് കാൻസർ ചികിത്സ എ.പി.എൽ, ബി.പി.എൽ ബാധകമല്ലാതെ പൂർണ്ണമായും സൗജന്യമായി നൽകുന്നതാണ് ഈ പദ്ധതി.
5. പട്ടികവർഗ്ഗക്കാർക്കു സൗജന്യ കാൻസർ ചികിത്സ നൽകി വരുന്നുണ്ട്.
6. പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ദുരിതാശ്വാസ നിധിയിൽ നിന്നും കാൻസർ/കിഡ്നി രോഗികൾക്ക് ധനസഹായം നൽകുന്നു.
7. ആരോഗ്യവകുപ്പിന്റെ കീഴിലുള്ള "Society for Poor" എന്ന പദ്ധതി പ്രകാരം 20,000 രൂപ വരെ ചികിത്സാസഹായം നൽകി വരുന്നു.
8. കാൻസർ രോഗികൾക്ക് 1000 രൂപ പ്രതിമാസ പെൻഷൻ സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്.
9. പട്ടികജാതി - വികസന വകുപ്പിൽ നിന്നും പട്ടികജാതിയിൽപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്.
10. താലോലം - 18 വയസ്സിനു തഴെയുള്ള കുട്ടികൾക്ക് കാൻസർ അല്ലാത്ത എന്നാൽ കാൻസർ ചികിത്സ പോലെ ചെലവേറിയ ചികിത്സകൾക്ക് 50,000 രൂപ വരെയുള്ള സൗജന്യ ചികിത്സ ഈ പദ്ധതി പ്രകാരം ലഭ്യമാകും.
11. എൻഡോസൾഫാൻ ബാധിതർക്കായുള്ള സ്നേഹസാന്ത്വനം സൗജന്യ ചികിത്സാപദ്ധതി.